**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2363** **27-02-2023 - ൽ മറുപടിയ്ക്ക്**

**നാദാപുരം നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ കയപനച്ചി- കുന്നംചിര- പുതിയങ്ങാടി റോഡ് പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | നാദാപുരം മണ്ഡലത്തിൽ കിഫ്ബി വഴി പ്രഖ്യാപിച്ച്, 10.07.2017-ലെ സ.ഉ (സാധാ) നം. 942/2017/ പി.ഡബ്ല്യൂഡി പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന "കയപ്പനച്ചി ചുണ്ടയിൽ പുതിയങ്ങാടി റോഡ്" എന്ന പ്രവൃത്തിയുടെ പേര് 16.04.2022-ലെ സ.ഉ (സാധാ) നം. 449/2022/ പി.ഡബ്ല്യൂഡി പ്രകാരം "കയപ്പനച്ചി കുന്നംചിര എടച്ചേരി (പുതിയങ്ങാടി) റോഡ്" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് കിഫ്ബിയിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇതിൻ പ്രകാരം പുതുക്കിയ അലൈൻമെന്റിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം ആവശ്യമായ പരിശോധനകൾ നടത്തി റിപ്പോർട്ട് ഡിസൈൻ വിംഗിന് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ